# തിരുവനന്തപുരംനഗരസഭ

**പ്രസിദ്ധീകരണത്തിന്,**

21.11.2024

തിരുവനന്തപുരം നഗരസഭ പരിധിയിൽ താമസിക്കുന്ന പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്ന ബി.എസ്.സി നഴ്സിംഗ് കോഴ്സ് യോഗ്യതയുള്ളവരെ കരാറടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ വിവിധ സർക്കാർ ആശുപത്രികളിൽ രണ്ട് വർഷത്തേയ്ക്ക് അപ്രന്റീസ് ആയി നിയമിക്കുന്നതിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. രണ്ട് വർഷത്തെ പ്രസ്തുത പരിശീലനം ലഭ്യമാക്കി പരിചയ സമ്പത്ത് ആർജ്ജിക്കുന്നത് വഴി മികച്ച തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രസ്തുത പരിശീലന പദ്ധതി നടപ്പിലാക്കുന്നത്. ബി.എസ്.സി നഴ്സിംഗ് വിജയിച്ചവർക്ക് 10,000/–രൂപ നിരക്കിൽ സ്റ്റൈപന്റ് അനുവദിക്കുന്നു. താൽപര്യമുള്ള 20 വയസ്സ് മുതൽ 41 വരെ പ്രായമുള്ള ടി യോഗ്യതയുള്ളവർ നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫോറത്തിൽ തയ്യാറാക്കിയ അപേക്ഷ, ജാതി, വരുമാനം, വിദ്യാഭ്യാസ യോഗ്യതകൾ എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം **30.11.2024** വൈകുന്നേരം **5.00 മണിയ്ക്ക്** മുമ്പായി തിരുവനന്തപുരം നഗരസഭ പട്ടികജാതി വികസന ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. തിരുവനന്തപുരം നഗരസഭ പട്ടികജാതി വികസന ഓഫീസിൽ നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫോറം ലഭിക്കുന്നതാണ്.

*അപേക്ഷകൾ അയയ്ക്കേണ്ട വിലാസം*: പട്ടികജാതി വികസന ഓഫീസ്, തിരുവനന്തപുരം നഗരസഭ, നഗരസഭ കോംപ്ലക്സ് പാളയം, തിരുവനന്തപുരം

*കൂടുതൽ വിവരങ്ങൾക്ക്* : **0471 - 2377791, 2377849** എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

**(ഒപ്പ്)**
**പി.എ.ടു.മേയർ**